DESPATCHED
On..22/1/2020
1/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1006*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 8064/*എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. സജീബ്.എം**
**'അഖ്സ', തേമ്പാമൂട്**
**പുല്ലമ്പാറ.പി.ഒ –695607,**
**തിരുവനന്തപുരം.** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**സൂപ്രണ്ട്,വിജിലൻസ് വിഭാഗം,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം 695014**

**അപ്പീൽ അധികാരി (വിജിലൻസ് വിഭാഗം)**
**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(പർച്ചേസ്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം 695014** — **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 20.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.05.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.05.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.08.2019,19.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. 23.01.2019 ൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ യിൽ ഇനം 1–ൽ സർക്കാർ കത്ത് നമ്പർ ഇ3/114/2018/പൊ.വി.വ കത്തിന്റെ പകർപ്പും ഇനം 2ൽ ഡഅ2/40575/2018/ഉജക വിഷയം നേർക്കാഴ്ച നടത്തുന്നതി നായി നൽകിയിട്ടുള്ള എല്ലാ നോട്ടീസുകളുടെയും പകർപ്പ് എന്നു തുടങ്ങി 37 ഇന ങ്ങളിലായാണ് വിവരങ്ങൾ ആവശ്യപ്പെട്ടത്.
3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി ഓഫീസിൽ ലഭ്യമായതും വിവരാവകാശനിയമപ്ര കാരം ലഭ്യമാക്കാൻ കഴിയുന്നതുമായ വിവരങ്ങൾ നൽകുന്നുവെന്നും, ടി കാര്യാല യത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിലെ എസ്.പി.ഐ.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, ഇനം 1–ൽ പകർപ്പ് ലഭ്യമാ ക്കുന്നതിനായി 2 രൂപ സർക്കാർ ഖജനാവിൽ അടച്ച് രേഖ ഹാജരാക്കാനും, ഇനം 2–ൽ പകർപ്പ് ലഭ്യമാക്കുന്നതിമായി 4 രൂപ സർക്കാർ ഖജനാവിൽ അടച്ച് രേഖ ഹാജരാക്കാനും തുടങ്ങി 37 ഇനങ്ങൾക്കും ലഭ്യമായ വിവരങ്ങൾ നൽകുകയു ണ്ടായിയെന്നാണ്.
4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 23.02.2019 തീയതി അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടികൾ തൃപ്തികരമല്ല എന്നും പകർപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്നും, രേഖ കളും പകർപ്പുകളും സൗജന്യമായി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെ ന്നുമാണ്.
5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ അപ്പീൽ അധികാരി 20.03.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 21.02.2019 ന് എസ്.പി.ഐ.ഒ നൽകിയിട്ടുണ്ടെന്ന് കണ്ടെത്തിയുട്ടുള്ളതാണെന്നും, രേഖകൾ ലഭ്യമാക്കുന്നതിന് ഫീസ് അടയ്ക്കാൻ മറുപടിയിൽ നിർദ്ദേശിച്ചുവെ ങ്കിലും ആയത് പ്രവർത്തിക്കാതെ അപ്പീൽ നൽകിയെന്നും, എന്നിരിക്കിലും എസ്.

പി.ഐ.ഒയ്ക്ക് ടി രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സൗജന്യമായി നൽക ണമെന്നും നിർദ്ദേശിച്ചുവെന്നുമാണ്.

6. എതിർകക്ഷി 20.08..2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 23.01.2019ൽ 37 ഇനങ്ങളിലായി ഹർജിക്കാരൻ ആവശ്യപ്പെട്ട അപേക്ഷ ലഭിക്കുകയും, ടി ഓഫീസിൽ ലഭ്യമായതും വിവരാവകാശനിയമപ്ര കാരം ലഭ്യമാക്കാൻ കഴിയുന്നതുമായ വിവരങ്ങൾ നൽകിയെന്നും, ടി കാര്യാലയ ത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിലെ എസ്.പി.ഐ.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, രേഖകൾ ലഭ്യമാക്കുന്നതിന് ഫീസ് അടയ്ക്കാൻ മറുപടിയിൽ നിർദ്ദേശിച്ചുവെങ്കിലും ആയത് പ്രവർത്തിക്കാതെ അപ്പീൽ നൽകിയെന്നും, എന്നിരുന്നാലും എസ്.പി.ഐ.ഒ, ടി രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സൗജന്യമായി നൽകിയെന്നും, വ്യക്തിപരമായ വിവ രങ്ങൾ പൊതുതാൽപര്യം ഇല്ലാത്തതിനാൽ നൽകിയിട്ടില്ലെന്നുമാണ്.

7. 07.09.2019 ൽ കമ്മീഷൻ മുമ്പാകെ ഇരു കക്ഷികളും ഹിയറിംഗിന് ഹാജരാകു കയുംഎതിർകക്ഷിയോട് 3 ആഴ്ചക്കുള്ളിൽ വിശദമായ റിപ്പോർട്ട് നൽകാനാ വശ്യപ്പെട്ടതിന്റ അടിസ്ഥാനത്തിൽ 18.09.2019 ൽ ആയത് നൽകുകയും ആയതിൽ പ്രസ്താവിച്ചത്, 23.01.2019ൽ 37 ഇനങ്ങളിലായി ഹർജിക്കാരൻ ആവശ്യപ്പെട്ട അപേക്ഷയിൽ ലഭ്യമാക്കാൻ കഴിയുന്നതുമായ വിവരങ്ങൾ നൽകിയെന്നും ടി കാര്യാലയത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീ സിലെ എസ്.പി.ഐ.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, രേഖകൾ ലഭ്യമാക്കു ന്നതിന് ഫീസ് അടയ്ക്കാൻ മറുപടിയിൽ നിർദ്ദേശിച്ചുവെങ്കിലും ആയത് പ്രവർത്തിക്കാതെ അപ്പീൽ നൽകിയെന്നും, എന്നാലും എസ്.പി.ഐ.ഒ ടി രേഖക ളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സൗജന്യമായി നൽകിയെന്നും, വ്യക്തിപരമായ വിവരങ്ങൾ പൊതുതാൽപര്യം ഇല്ലാത്തതിനാൽ നൽകിയിട്ടില്ലെന്നും, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ നിഷേധിക്കപ്പെട്ട വിവരങ്ങൾ ഹർജിക്കാരൻ വിശദീകരിച്ചില്ലെന്നും ഇനം 1,2,10,16,34 ന്റെ പകർപ്പുകൾ സൗജന്യമായി നൽകിയെ ന്നും, ഇനം നമ്പർ 3,4,5,6,7,8,9,11,12,13,14,15,17,18,19,20,21,22,29 ഭാഗം1, 30,32,37 എന്നി വയ്ക്ക് ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ നൽകിയെന്നും, 23,24,25,26,28,36 ടി വിവരങ്ങൽ നൽകുന്നതിന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ആഫീസിലെ എസ്. പി.ഐ.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, 27,29(എ) പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ അവ്യക്തമായതിനാൽ മറുപടി നൽകാൻ സാധിക്കാതിരുന്നെന്നും 35-ാം ഇനത്തിന് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലെന്നും, അപേക്ഷയിൽ ആവശ്യ പ്പെട്ടിരുന്ന, വ്യക്തിപരമായ വിവരങ്ങൾ ഉൾപ്പെടുന്നവയും പൊതുതാൽപര്യം ഇല്ലാ ത്തവയ്ക്കും വിവരം നൽകിയിട്ടില്ലെന്നും, ഇനം നമ്പർ 21,23,31 എന്നിവ ഊഹാ

പോഹങ്ങളുടെ അടിസ്ഥാനത്തിലും വിശദീകരണമാവശ്യപ്പെടുന്നവയുമായതിനാൽ മറുപടി നൽകാൻ സാധിക്കില്ലെന്നുമാണ്.

8. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**